ശ്രീ

ശ്രീനാരായണപരമഗുരവേ നമഃ

ചികിത്സാഗാനം



(ഒന്നും രണ്ടും ഭാഗങ്ങൾ)



By

എം. സി. കണ്ണരാമൻവൈദ്യൻ

വിശിഷ്ടമാതളരസായനം

ടി–മട്ട്

പെരുത്തശ്വാസവും ജ്വരവുമിക്കിളു–
മുഴത്തകാസവും കഫപ്രസേകവും
കടുത്തനീർമൂത്രത്തടസ്സമേങ്ങലും
കടുപ്പനീരഴിവുദരവേദന
വിശിഷ്യ, ഗർഭമുത്ഭവിച്ചവർക്കുമ–
പ്രസൂതികമാർക്കുമധികം പററുന്ന
വിശിഷ്ടമാതളരസായനത്തെഞാൻ
ഉരച്ചിടുന്നതും ഗ്രഹിക്കബാലികേ!
പഴത്തമാതളഫലവുമിഞ്ചിയും
തരുണീക്ഷീരവും ചെറിയമാക്ഷികം
ചെറിയവാശതൻദലത്തിൻനീരതും
പറയാം തുളസരസവും ജീരക–

ക്വഥിതവും വ്യാഘ്രീകഷായവും സമം
ഒരുനാഴിവീതം പഴയശർക്കര–
യിരുനാഴിയത്തും സിതപലംനാലും
വെളുത്തകൽക്കണ്ടം പലം രണ്ടും കൂട്ടി
അടുപ്പതിലേററിപ്പചിച്ചുപാകമായ്
വരുന്നേരത്തു പൊടിച്ചുചേർക്കുവാൻ
കടുത്രയം തേററാംപരലുജീരകം
കടുക്കാപ്പൂവും പച്ചിലനാഗപ്പൂവും
അരീയാറെഷ്ഠിയും കിരിയാത്തക്രാവും
വെളുത്തകുന്തിരിക്കവുമുലുവായും
പുതിയവാൽമുളകിത്തുകംവെവ്വേറെ
കഴഞ്ചൊന്നേകാൽകൊണ്ടിടിച്ചുധൂളാക്കി
പുഴുകുപച്ചക്കർപ്പൂരം കസ്തൂരിയും
കഴഞ്ചുകാൽഗോരോചനയും തുല്യമായ്
പവിഴംമുള്ളൻകോൽമയിൽപ്പീലിത്തണ്ടു
ഭസിതമാക്കിച്ചേർത്തിളക്കിയാറിയാൽ
ചെറുതേനും ചേർത്തുപകന്നുസേവിക്കിൽ
വരും മുന്നേചൊന്നഗുണങ്ങളും മംഗളം

—o—

കരപ്പൻവകയ്ക്കു—കരിക്ക പുഴുങ്ങുവാൻ

ടി—മട്ടു്.

നീരും കുരുവും കരപ്പൻ—മുപ്പ
ത്താറുവകയും ശമിപ്പാൻ
ബാലകേരം പുഴുങ്ങുന്ന—യോഗം
ബാലികെ! ഞാൻപറഞ്ഞീടാം
ഷഡ്ധാരിജീരകം മൂന്നും—വചാ—
മുക്കുടെ പത്രംമായക്കാ!
ആമലകം കൃമിശത്രു–മക്ഷി
പ്പൂവും ത്രിവൃൽ കിരിയാത്തും
ഓരോകഴഞ്ചുചേക്കണം—പിന്നെ
ജാതിത്രയവുമക്രാവും
ചീനമുളകെന്നിവയും—നിഷ്ഠം
കാൽവീതം ചേത്തുപൊടിച്ചു
ഉണ്ണീ! കരിക്കിൻമുകുടം—വെട്ടി
ചൂണ്ണമതിൽ നിറച്ചിട്ടു
ഒത്തങ്ങടച്ചുകലത്തിൽ—നാലു
പ്രസ്ഥംജലവുമൊഴിച്ചു
കോലുപാകിയതിന്മീതെ—ബാല
കേരവും വച്ചങ്ങടച്ചു
തീയുമെരിച്ചുപകുതി—വെള്ള
മായാലതിൽ നിന്നെടുത്തു

കേരത്തിനുള്ളിലിരിക്കും — രസം
ചീരായ് പിഴിഞ്ഞുസൂക്ഷിച്ചു
ബാലക്കിടാങ്ങൾ സേവിക്കിൽ — പക്ഷി-
ബാധയും ദൂരപ്പറക്കും
ഇന്തുപ്പനുപാനംവേണം — എന്റെ
തങ്കമ്മേ! കേൾക്കരാരിരാരോ.

———

ബലാമൃതം, ഏരണ്ഡതൈലം

ടി-മട്ട്

കററാഴിപോളകഴ്യുന്നി— പുളി-
യാരൽമരക്കൊടിവെററ
പൊന്നാംകാണിച്ചുവന്നുള്ളി—കോവൽ-
ക്കന്ദമിവററിൻരസങ്ങൾ
നാല്യുടംവീതംവേണ—മാവ-
ണക്കെണ്ണയുംമേകപ്രസ്ഥം
പാല്യുടം പതിനാറും—കല്ക-
മേലത്തരിയിലവർങ്ഗം
ജാതീഫലംപത്തിരിയും—നാഗ-
പ്പൂവുമക്രാവുമായക്കാ
കൊട്ടംവെളുത്തുള്ളിയെന്നീ—വക
നിഷ്കമോരോന്നുമുല്യവാ
രണ്ടുപലംകൂട്ടിയെല്ലാം—നല്ല-
പോലെയിടിച്ചിട്ടുകാച്ചി
പാത്രപാകത്തിന്നുജാതീ—ഫലം
ഗോരോചനകങ്കുമവും
അർദ്ധനിഷ്കംവീതംചേർത്തു—രണ്ടു-
നേരവുംസേവിച്ചിതെന്നാൽ
അഷ്ടകണദോഷംനീങ്ങും——കര-
പ്പൻമുപ്പത്താറും ശമിക്കും
അഞ്ചുവകച്ചുമമാറും—നെഞ്ചെ-
ത്തെല്ലുതള്ളുന്നതുംമററും
എല്ലാജ്വരവുമൊളിക്കും——ഗാത്രം-
മെല്ലെവളർത്തീടും രഢരോ.

—o—

കാലിൽ ആണിക്ക വാററുതൈലം

ടി—മട്ട്

നീലത്തുരിശും തുത്തുംനിസ്സമ—
തീരൊന്നവിയൻപണമിടയഞ്ച്
പാഞ്ചിയതിന്നുടെവേർതൊലിനിഷ്ഠ—
മൊരാറുംകാരസ്കരമിരുനാൻകും
ഇവകളിടിച്ചൊരുലോഹക്കോലിൽ
വസനംചുററിപ്പന്തമതാക്കി
എട്ടുഴുടംവേപ്പെണ്ണയൊഴിച്ചു
കത്തിച്ചിട്ടുവാററിയെടുത്താൽ
അർദ്ധമതാകണമിരുപത്തുനേരം
പത്ഥ്യമതായിസ്സേവിക്കേണം
കാലിൻവെള്ളയിലുണ്ടാകുന്നോ—
രാണികളവാതപ്പനിയുംമാറും
പിത്തപ്രകൃതിക്കാൾക്കൊട്ടപ്പാൻ
ഇതൈലംഹിതമല്ലെന്നുണ്ട്.
ശക്തിക്ഷയമുള്ളവരിതൈലം
മാത്രകുറച്ചേസേവിക്കാവൂ.
സേവിക്കുമ്പോൾകഞ്ഞികുടിപ്പാ—
നാവശ്യംനേരിട്ടീടുമ്പോൾ
[illegible]ലത്തുള്ളൊരുസേവമുടക്കി
പാലു[illegible]കുടിക്കാംകഞ്ഞി
ഇതൈലംകൈകണ്ടപ്രയോഗം
പത്ഥ്യംവേണമഗസ്ത്യപ്രോക്തം.

—o—

—०—

ജ്വരാതിസാരത്തിന്ന്—അവിയൻമാത്ര

ടി—മട്ട്

ആറുകഴഞ്ചവിയൻചുക്കേഴും
ജീരകമൊൻപതുതിപ്പലിയെട്ടും
പഴമുളകിൻപൊടിപത്തുകഴഞ്ചും
വിഷ്ണുക്രാന്തികഥാഥന്തന്നിൽ
മുപ്പതുനാഴികനേരമരച്ചു
മല്ലിപ്രായമുരുട്ടിയുണക്കി
താമ്പൂലംഹരിജീരകമെന്നിവ
കൊണ്ടുചമച്ചകഷായത്തിങ്കൽ
ഗുളികകളോരോന്നാറുദിനംവൻ—
...ളിവൊടു പാനംചെയ്യേന്നാകിൽ
അതി...ത്തൊടുകൂടിവരുംജ്വര—
മതിവേഗംപോംസുഖമുണ്ടാകും.

—०—

പിത്തകാമിലയ്ക്കു പലവക

കുറത്തിപ്പാട്ട്

1. തുമ്പപ്പൂ

കാമിലയെന്നുള്ളമഹാ ഭീമമായരോഗം
സോമമുഖീ! തീരുമിച്ചികിത്സകൊണ്ടുനൂനം
തുമ്പമലർമൂൽഗവും മൈലാഞ്ചിവേർജീരുള്ളി
കാട്ടുകണ്ണാമൂലവും മുയൽച്ചെവിനെല്ലിക്കാ
പച്ചനിശാദാർവിമുക്കാപ്പീരവുംകയ്യുന്നി
കീഴാനെല്ലിമൂലവുമോരോകഴഞ്ചുകൂട്ടി
ക്വാഥമാക്കിപ്പഞ്ചസാരമേൻപൊടിയുംചേർത്തു
രാവിലേസേവിക്കപിന്നീടുച്ചയിൽസേവിക്കാൻ.

—*—

2. നെല്ലിക്ക

ടി—മട്ട്

പച്ചനെല്ലിക്കാനിലംപറണ്ടത്തുമ്പപ്പൂവും
പച്ചയായമഞ്ഞളും കീഴാനെല്ലിസമൂലം
ഒക്കെയുംസമമെടുത്തരച്ചുതുമ്പനീരിൽ
പച്ചനെല്ലിക്കാപ്രമാണമുണ്ടചെയ്തുണക്കി
കാച്ചിയപാലൊന്നരത്തുടമതിലൊരുണ്ട
ഉച്ചനേരംസേവചെയ്ക രാത്രിയിൽസേവിക്കാൻ

—൦—

3. ചീലാന്തി

ടി—മട്ട്

ദ്രാക്ഷാദിയെന്നുള്ള കഷായംകൂടാതൊന്നുചൊല്ലാം.
പൂവരശിനുള്ള വേരോ, പത്രമോ, തൻമൊട്ടോ,
കഷായമാക്കിപ്പഞ്ചസാരമഞ്ഞളെന്നിവയും
മേമ്പൊടികലക്കിരണ്ടുനേരവുംസേവിക്കാം
ഇന്നിരണ്ടുമൂന്നുയോഗമുള്ളവയുംചൊല്ലാം
കന്യകേ!ശ്രവിച്ചുകൊൾദൃഷ്ടാന്തമാണീയോഗം.

—൦—

4. പുല്ലാന്നി

ടി—മട്ട്

പുല്ലാന്നിവെട്ടിയെടുത്തവെള്ള മൊട്ടപച
മഞ്ഞളിൻെറവെള്ളവുംതുടമോരോന്നു ചത്ത
ചക്കരകലന്നെതിരെ നാലുനാൾസേവിച്ചാൽ
നിൽക്കുംമഞ്ഞപ്പിത്തംനെറുകണ്ണുകഴമ്പോതാം.

—൦—

5. കഞ്ഞുണ്ണി

ടി—മട്ട്

കഞ്ഞുണ്ണിപടോലംനിലനാരകംരാമച്ചം
കഞ്ഞുനാരങ്ങാതന്നല്ലിപച്ചനെല്ലിക്കായും

കസ്സൂരിനാരങ്ങാത്തൊലിമലയജവും തുല്യം
കാടിനീരതിലരച്ചനത്തിക്കഴമ്പാക്കി
വസ്ത്രരാവിലെതലയിലൊന്നരമണിക്കൂർ
ചെന്നിട്ടമ്പോഠംമുങ്ങിക്കളിരാത്രിയിലുമാവാം.

—o—

6. ചന്ദനം

ടി—മട്ട്

ചന്ദനദ്വയംപുല്ലാന്നിമൂലംലോദ്ധ്രമൂലം
വെട്ടിവേരുംകൂട്ടിമുലപ്പാലതിലരച്ച
തേച്ചുകഴത്തിന്നുകീഴ്കളിക്കശ്ശുചിയായി
കേഠംക്കഠംമഞ്ഞപ്പിത്തമിച്ചികിത്സകൊണ്ടൂനം.

—o—

7. സിദ്ധചൂർണ്ണം

ടി—മട്ട്

ബാലികേ! പറഞ്ഞിടാം ഞാനിന്നിയൊരുച
ചേലെഴും കടുകരോഹിണിപൊടിച്ചനല്ല
ശക്കരയിൽചേർത്തുരണ്ടുനേരവും സേവിച്ചാൽ
നിൽക്കും മഞ്ഞപ്പിത്തമിതുസിദ്ധചൂർണ്ണമല്ലോ.

—o—

പൊൻകരണ്ടിരസായനം

ടി—മട്ട്

പൊൻനിറമുള്ളകരണ്ടിമൂലം പല-
മൊന്നുമഞ്ചുംപത്തും ഛിന്നമാക്കി
ഷോഡശ വെള്ളത്തിലിട്ട കറുക്കിയാ-
ലാഢകമാക്കി പിഴിഞ്ഞരിച്ചു
വെല്ലംപലമെട്ടും നല്ലസിതയാറും
വെള്ളക്കൽക്കണ്ടും പലംരണ്ടുമായ്
ലേഹ്യപാകത്തിങ്കൽസാമ്യമാക്കീടുവാ
വ്യോഷം നെല്ലിക്കാ വിഴാലരിയും
ഓമവുമൊന്നരനിഷ്കം വീതംപല-
മോരോന്നുവേണം കശകശയും
വാൽമുളകും പലംരണ്ടുശിവതയും
ധൂളാക്കിച്ചേർത്തു സേവിച്ചിതെന്നാൽ
മൂത്രാഘാതം മധുമേഹാദിദോഷവും
തീർത്തിടു മർശസ്സും വിട്ബന്ധവും.

——

വെളുത്തുള്ളിചൂർണ്ണം

ടി–മട്ട്

വെള്ളുള്ളിനന്മുളകതെവേളവേർ
നല്ലജീരകംമോദകംതുല്യമായ്
ചൂർണ്ണിച്ചുതേനിൽസേവിച്ചാൽതീർന്നിടും
ജീർണ്ണമാംസർവ്വവായുക്കരം ബാലികേ!

—॰—

ഉള്ളിനെയ്

പദ്യം

ചുവന്നുള്ളിനീർ നാഴിനെയ്നാഴികല്ലും
ചുവന്നുള്ളിയുംനൽക്കറിവേപ്പിലയും
അരിഞ്ഞിട്ടുകാച്ചികടിച്ചാലൊടുങ്ങും
ചലംപോലെപോകും പ്രമേഹംമനോജ്ഞേ.

—॰—

ധാതുപുഷ്ടിരസായനം

പദ്യം

ശുദ്ധിചെയ്തുള്ള കഞ്ചാവും ചുക്കജാതിത്രയംകൂടി
നിഷ്കമയ്യുഞ്ചുകൂട്ടിട്ടു പൊടിചെയ്തുങ്ങുവച്ചുടൻ
നാഴിശ്ശുക്കർ നെയ്യും നാഴിചേർത്തിതുലേഹ്യമായ്
പാകംചെയ്തിട്ടുസേവിച്ചാൽ ധാതുപുഷ്ടികരംപരം

—॰—

അയമോദകഗുളിക

ടി–മട്ട്

അയമോദകവും നല്ലമുളകും ഗുളവും സമം
അരച്ചുണക്കനെല്ലിക്കായളവുൺകതിസാരജിൽ.

—॰—

കസ്തൂരിഗുളിക

[illegible]

[illegible]—[illegible]

[illegible]

[illegible]—വി[illegible]—

[illegible]കസ്തൂരിഗുളിക

കസ്തൂരി[illegible]—[illegible]—

[illegible]

[illegible]ജാതി—വെള്ള

[illegible]രവുമക്രാവും ഗ്രാമ്പൂ

ഈരണ്ടുനിഷ്കം ശരിക്ക—ചേറ്റ

നാരിപ്പാൽവിട്ടങ്ങരച്ച

മൂന്നരയാമംകഴിഞ്ഞാൽ—കഞ്ഞേ!

സർഷപം പോലങ്ങുരുട്ടി

ഉണ്ണികൾക്കോരോന്നും പ്രായം—ചെന്നോ–

ർക്കെണ്ണംകവിഞ്ഞും കൊടുക്കാം

രോഗക്രമങ്ങളെ നോക്കി—ട്ടനു-

പാനങ്ങൾമാററിച്ചെയ്തീടാം

[illegible]രോഗങ്ങൾമാറും—വത്സാ

[illegible]രാരിരാരോ.

—•—

മറെറാന്നു്

കാട്ടുവെള്ളരിമൂലമുണങ്ങാതെ
നെയ്യിലോ, ജലംതന്നിലോ പേഷിച്ചു
നാഭിയിൽനിന്നു കീഴ്പൊട്ടിട്ടീടുകിൽ
വേദനവന്നുവേഗം പ്രസവിക്കും.

—०—